# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2912 07.02.2018 ൽ മറുപടിക്ക്**

**ശബരിമല പി.ഡബ്ല്യു.ഡി.റസ്റ്റ് ഹൗസ്**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ശബരിമല പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നില നിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) ഉണ്ട്. ശബരിമലയിൽ അനധികൃതമായി പൊതുമരാമത്ത് വകുപ്പിന്റെ ഏകദേശം 25 സെന്റ് സ്ഥലം കൈയ്യേറി നിർമ്മാണം നടത്തിയ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പൊളിച്ച് മാറ്റാൻ അതിന്റെ സെക്രട്ടറിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഇവ പൊളിച്ച് മാറ്റുകയോ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ നോട്ടീസ് നൽകി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച് കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാക്കിയിരുന്നുവെങ്കിലും ഷെൽട്ടറുമായി ബന്ധപ്പെട്ടവർ സീൽ പൊളിച്ച് മാറ്റുകയായിരുന്നു. ഇതിനെതിരെ മരാമത്ത് വകുപ്പ് പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും പിന്നീട് കെട്ടിടം വകുപ്പ് താഴിട്ട് പൂട്ടി പോലീസിന്റെ സാന്നിധ്യത്തിൽ കാവൽ ഏർപ്പെടുത്തി. ഇതിനെ തുടർന്ന് പിൽഗ്രിം സെന്ററുകാർ കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 35830/2016 ആയി കേസ് ഫയൽ ചെയ്തിരിക്കുകയാണ്. |
| (ബി) | സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം എങ്ങിനെയാണ് സ്വകാര്യ | (ബി) പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം |

| | | |
|---|---|---|
| | വ്യക്തികളുടെ നിയന്ത്രണത്തിൽ ആയതെന്ന് വ്യക്തമാക്കാമോ; എന്നു മുതലാണ് ഈ കെട്ടിടം സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നത്; ഇവർക്ക് കെട്ടിടം നൽകിയത് സംബന്ധിച്ച് എന്തെങ്കിലും സർക്കാർ രേഖയുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | സെന്റർ സെക്രട്ടറിക്ക് നോട്ടീസ് നൽകിയതിനു മറുപടിയായി 1964 മുതൽ ഇത് ഇവരുടെ കൈവശമാണെന്നും ആയതിന് അവരുടെ കൈയിൽ ദേവസ്വം വക രേഖകളുണ്ടെന്നുമാണ് എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ സെക്രട്ടറി അവകാശപ്പെടുന്നത്. ടി രേഖ വ്യാജമാണ്. അത്തരത്തിലുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ശബരിമല പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് സംബന്ധിച്ച ദേവസ്വം വക രേഖകൾ എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ സെക്രട്ടറിയുടെ പക്കൽ ഉണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ടി രേഖകൾ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം ഇതു വരെയും ലഭ്യമാക്കിയിട്ടില്ല. ടി രേഖകളുടെ ആധികാരികതയും നിജസ്ഥിതിയും ആയത് പരിശോധിച്ചശേഷമേ അറിയാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത കെട്ടിടം സ്വകാര്യ വ്യക്തിയിൽ നിന്നും ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കിയിരുന്നോ; എങ്കിൽ എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് വീണ്ടും സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലാകാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | (സി) 31.10.2016 ന് ടി ക്യാമ്പ് ഷെഡ് കയ്യേറ്റക്കാരിൽ നിന്ന് ഒഴിപ്പിച്ച് കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാക്കി താഴിട്ട് പൂട്ടുകയുണ്ടായി. എന്നാൽ 13.11.2016 ൽ പിൽഗ്രിം സെന്റർ ഭാരവാഹികൾ സീൽ തകർക്കുകയും തിരികെപ്പിടിക്കുകയുമായിരുന്നു. ആയതിനെതിരെ പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ക്രൈം നമ്പർ 334/16 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പിന്നീട് കെട്ടിടം വകുപ്പ് താഴിട്ട് പൂട്ടി പോലീസിന്റെ സാന്നിധ്യത്തിൽ കാവൽ ഏർപ്പെടുത്തി. എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്കു വേണ്ടി സെക്രട്ടറിയായ ശ്രീ.അരവിന്ദാക്ഷൻ എ.കെ.യും കൂട്ടാളികളും കെട്ടിടം ഒഴിപ്പിക്കുന്നതിനെതിരെ ഹൈക്കോടതി |

യെ സമീപിക്കുകയും ബഹു.കേരള ഹൈക്കോടതിയുടെ 30.11.2016 ലെ ഇടക്കാല ഉത്തരവിലൂടെ ശ്രീ.എ.കെ. അരവിന്ദാക്ഷൻ എന്ന വ്യക്തിയെ (രണ്ടാം പരാതിക്കാരൻ) റിസീവറായി നിയമിക്കുകയും ഇതുമായി ബന്ധപ്പെട്ട വരവുചെലവു കണക്കുകൾ കോടതിയിൽ ഹാജരാക്കുവാൻ വിധിക്കുകയു-മാണുണ്ടായത്. 03.04.2017 ൽ കേസ് വീണ്ടും വന്നെങ്കിലും 30.11.2016 ലെ തൽസ്ഥിതി തുടരുവാൻ ഉത്തരവിട്ടു-കൊണ്ട് കൈയ്യേറ്റക്കാരനെത്തന്നെ റിസീവർ ആയി നിയമിച്ചുകൊണ്ട് ഉടമയായ സർക്കാരിനെ ഒഴിപ്പിക്കുന്ന വിചിത്രമായ വിധി ബഹു.കോടതി പുറപ്പെടുവിച്ചുകൊണ്ടാണ് ഇത് വീണ്ടും സ്വകാര്യ വ്യക്തികളുടെ നിയന്ത്രണ-ത്തിലായത്.

(ഡി) ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച കേസിൽ ഹാജരായിരുന്നത് ഏത് സർക്കാർ അഭിഭാഷകനാണ്; കേസ് നടത്തിപ്പിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ഡി) കെ.വി.മനോജ്കുമാർ എന്ന സീനീയർ ഗവണ്മെന്റ് പ്ലീഡറും അഡ്വക്കേറ്റ് ജനറലും തന്നെയാണ് ഇതുമായി സംബന്ധിച്ച് കോടതിയിൽ ഹാജരായി വരുന്നത്. കേസ് നടത്തിപ്പിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സർക്കാർ കെട്ടിടം അനധികൃതമായി കൈയടക്കുകയും വാടക പിരിക്കുകയും ചെയ്തതു സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള വിവരങ്ങൾ എന്തൊക്കെയാണ്; അനധികൃതമായി പിരിച്ചെടുത്ത തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഇ) പൊതുമരാമത്ത് വകുപ്പ് ഈ ക്യാമ്പ് ഷെഡിന്റെ അതിർത്തി നിർണ്ണയിച്ചു നൽകാനായി റാന്നി തഹസീൽദാർക്കും ജില്ലാ ഫോറസ്റ്റ് ഓഫീസർക്കും നിർദ്ദേശം നൽകിയെങ്കിലും ഫോറസ്റ്റിൽ നിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ള 50 ഏക്കർ സ്ഥലത്തിനുള്ളിലായതു-കൊണ്ട് ഡീ മാർക്കേറ്റു ചെയ്യുവാൻ കഴിയുകയില്ലെന്ന് അറിയിക്കു-കയുണ്ടായി. അനധികൃതമായി വാടക പിരിച്ചത് സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട്

സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ മറ്റ് അന്വേഷണങ്ങളൊന്നും നടക്കുന്നില്ല. മാപ്പർഹിക്കാത്ത പൊതുമുതൽ കൊള്ളയാണ് കരാറുകാരനായ അരവിന്ദനും സംഘവും നടത്തിക്കൊണ്ടിരിക്കുന്നത്. ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നുണ്ട് എന്ന തോന്നലാണ് ശബരിമല റസ്റ്റ് ഹൗസിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. ഹൈക്കോടതിയുടെ അന്തിമവിധി അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**